REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 31-08-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ലക്ഷദ്വീപ് സന്ദർശനത്തിന് രാവിലെ അഗത്തി ദ്വീപിലെത്തും. വൈകിട്ട് കൊച്ചിയിലെ പരിപാടികളിലും ഉപരാഷ്ട്രപതി പങ്കെടുക്കും.
- പ്രധാനമന്ത്രി നരേന്ദ്രമോദി കിർഗിസ്ഥാനിൽ ഇന്ന് 26-ാമത് ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയിൽ പങ്കെടുക്കും.
- നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 794 ആയി.
- പരിശീലനം പൂർത്തിയാക്കിയ പൊലീസ് കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് ഇന്ന് കണ്ണൂരിൽ.
- ഏഷ്യകപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് മികച്ച തുടക്കം. തായ്‌ലൻഡിനെ 94 റൺസിന് പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

**ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ലക്ഷദ്വീപ് സന്ദർശനത്തിന്റെ ഭാഗമായി രാവിലെ അഗത്തി ദ്വീപിലെത്തും.**

**ലക്ഷദ്വീപിൽ നിന്ന് ആകാശവാണി പ്രതിനിധി അബ്ദുൽ സലാം.....**

**.....(വോയ്സ്).....**

✪✪✪

ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷം കേരളത്തിൽ തിരികെയെത്തുന്ന ഉപരാഷ്ട്രപതി വൈകിട്ട് കൊച്ചി കാക്കനാട്ടെ രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി രജതജൂബിലി ആഘോഷങ്ങളിലും, കോൺഫ്ലുവൻസ് 3.0 വ്യവസായ-അക്കാദമിക് ഉച്ചകോടിയിലും പങ്കെടുക്കും. തുടർന്ന് ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

രണ്ടു ദിവസത്തെ കിർഗിസ്ഥാൻ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ ബിഷ്കെ ക്കിലെത്തി. 26-ാമത് ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയിൽ അദ്ദേഹം ഇന്നും നാളെയുമായി പങ്കെടുക്കും. നാളെ രാഷ്ട്രത്തലവന്മാരുടെ സമ്മേളനത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

ഡെസ്ക് റിപ്പോർട്ട്....

.....(വോയ്സ്...)...

കിർഗിസ്ഥാൻ കാബിനറ്റ് ഓഫ് മിനിസ്റ്റേഴ്സ് ചെയർമാൻ കാസിമാലിയേവ് അഡിൽബെക് അലഷോവിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയെ വിമാനത്താവളത്തിൽ സ്വീകരിച്ചു. ഉച്ചകോടിക്ക് പ്രസിഡന്റ് സാദിർ ജപറോവിന്റെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദി കിർഗിസ്ഥാൻ സന്ദർശിക്കുന്നത്. 'സുരക്ഷ, കണക്റ്റിവിറ്റി, അവസരങ്ങൾ' എന്നിവ അടിസ്ഥാനമാക്കി ഈ മേഖലയ്ക്ക് ഇന്ത്യയുടെ കാഴ്ചപ്പാട് മുന്നോട്ട് കൊണ്ടുപോകാൻ ആഗ്രഹിക്കുന്നുവെന്ന് നരേന്ദ്രമോദി യാത്ര തിരിക്കുന്നതിന് മുമ്പ് പ്രസ്താവനയിൽ പറഞ്ഞു.

'ഭീകരവാദം, വിഘടനവാദം, തീവ്രവാദം' എന്നിവയിൽ നിന്ന് മുക്തമായ ഒരു മേഖല കെട്ടിപ്പടുക്കുന്നതിന് SCO അംഗങ്ങളുമായി ചേർന്ന് ഇന്ത്യ പ്രവർത്തിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ആറാമത് വേൾഡ് നോമാഡ് ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിലും പ്രധാനമന്ത്രി പങ്കെടുക്കും.

പ്രധാനമന്ത്രിയുടെ സന്ദർശനം മധ്യേഷ്യയിലെ ഇന്ത്യയുടെ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുമെന്നും, മേഖലയിലെ സാംസ്കാരിക ബന്ധം ആഴത്തിലാക്കുമെന്നും, സമാധാനം, സ്ഥിരത, സമൃദ്ധി എന്നിവയ്ക്ക് സംയുക്ത ശ്രമങ്ങളെ മുന്നോട്ട് നയിക്കുമെന്നും നരേന്ദ്രമോദി പറഞ്ഞു. 'SCO-യുടെ 25 വർഷങ്ങൾ: സുസ്ഥിര

സമാധാനം, വികസനം, സമൃദ്ധി എന്നിവക്കൊന്നിച്ച്' എന്നതാണ് ഉച്ചകോടിയുടെ പ്രമേയം.

✪✪✪

ഇന്നും നാളെയും ആഷ്‌വില്ലെയിൽ ചേരുന്ന G-20 ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണർമാരുടെയും യോഗത്തിൽ പങ്കെടുക്കുന്നതിന് ധനമന്ത്രി നിർമ്മല സീതാരാമൻ സൗത്ത് കരോലിനയിലെത്തി. ഇന്നലെ ചിക്കാഗോയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഓഫീസിൽ ഇന്ത്യൻ പ്രവാസികളെ കേന്ദ്രമന്ത്രി അഭിസംബോധന ചെയ്തു. രാജ്യത്തിന്റെ സാമ്പത്തിക ലക്ഷ്യങ്ങൾ വിശദീകരിക്കുന്നതിനൊപ്പം, ഗവൺമെന്റ് വായ്പയെടുക്കൽ, കടബാധ്യത എന്നിവയെക്കുറിച്ച് ആശങ്കകൾക്ക് ധനമന്ത്രി മറുപടി നൽകി.

✪✪✪

രാജസ്ഥാനിലെ ജയ്പൂരിൽ NEET PG പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചോർന്നതായി സാമൂഹിക മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്ത വ്യാജമാണെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചു. ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടില്ലെന്നും, പ്രചരിക്കുന്ന വാർത്ത തെറ്റിദ്ധാരണാജനകമാണെന്നും PIB ഫാക്ട് ചെക്ക് വിഭാഗം വ്യക്തമാക്കി.

ജയ്പൂരിലെ സീതാപുര പരീക്ഷാ കേന്ദ്രങ്ങളിൽ വൈദ്യുതി വിതരണത്തിലെ തകരാറുകൾ കാരണം പരീക്ഷാനടത്തിപ്പിൽ സാങ്കേതിക തടസ്സങ്ങൾ നേരിട്ടിരുന്നതായും PIB അറിയിച്ചു. ബാധിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പരീക്ഷ അടുത്ത മാസം 5-ന് നടത്തുമെന്നും കേന്ദ്രം അറിയിച്ചു.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 794 ആയി. 2,500-ലധികം ആളുകളെ ഇനിയും കണ്ടെത്താനുണ്ട്. ദുരന്തം നടന്ന് അഞ്ചാം ദിവസവും കാണാതായവർക്കായി തിരച്ചിലും, കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കാൻ ശ്രമങ്ങളും ഊർജിതമായി തുടരുകയാണ്. ത്രിശൂലി നദിയിൽ ഇന്നലെ ഉണ്ടായ വെള്ളപ്പൊക്കത്തിൽ മധ്യനേപ്പാളിലെ തൂക്കുപാലം ഒലിച്ചുപോയി.

ടിബറ്റിൽ ഔദ്യോഗിക മരണസംഖ്യ 16 ആയി. 546 പേരെ കാണാതായതായി റിപ്പോർട്ട് ചെയ്തു.

ഇന്ത്യൻ പ്രത്യേക ടണൽ രക്ഷാപ്രവർത്തന സംഘം നേപ്പാളിലെ ചിലിമെ, ലാങ്ടാങ് മേഖലകളിലെ ജലവൈദ്യുത പദ്ധതിയുടെ തുരങ്കങ്ങളിൽ നേപ്പാൾ സൈന്യത്തിന്റെ സംഘത്തോടൊപ്പം തിരച്ചിൽ-രക്ഷാപ്രവർത്തനങ്ങൾ നടത്തി. നേപ്പാൾ സൈന്യവുമായി ചേർന്ന് സംഘം തിരച്ചിൽ-രക്ഷാപ്രവർത്തനങ്ങൾ തുടരുമെന്ന് നേപ്പാളിലെ ഇന്ത്യൻ അംബാസഡർ നവീൻ ശ്രീവാസ്തവ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്തെ അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിന് വനിതാ-ശിശു വികസന വകുപ്പും, ആരോഗ്യ കുടുംബക്ഷേമ വകുപ്പും ചേർന്ന് നടപ്പാക്കുന്ന 'ബാല്യസ്പന്ദനം പദ്ധതി' ക്ക് മറ്റന്നാൾ തുടക്കം. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ തിരുവനന്തപുരത്ത് നിർവഹിക്കും. അങ്കണവാടി കുട്ടികളുടെ ത്രൈമാസ ആരോഗ്യ പരിശോധന പദ്ധതിയാണ് ബാല്യസ്പന്ദനം.

✪✪✪

തിരുവനന്തപുരത്ത് ഓണം വാരാഘോഷം സമാപന സമ്മേളന ഘോഷയാത്രയിൽ പങ്കെടുത്ത ഫ്ലോട്ടുകളുടെയും കലാരൂപങ്ങളുടെയും വിജയികളെ പ്രഖ്യാപിച്ചു. കേന്ദ്ര ഗവണ്മെന്റ് സ്ഥാപനങ്ങളിൽ ISRO ഒന്നാം സ്ഥാനവും ദക്ഷിണ റയിൽവേ രണ്ടാം സ്ഥാനവും നേടി.

കേരള ഗവണ്മെന്റ് സ്ഥാപനങ്ങളുടെ വിഭാഗത്തിൽ വനം വന്യജീവി വകുപ്പിനാണ് ഒന്നാം സ്ഥാനം. എക്സൈസ് വകുപ്പ് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

ഗവണ്മെന്റ് ഇതര, പൊതുമേഖലാ സ്ഥാപനങ്ങളിൽ ലൈഫ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ് ഒന്നാം സ്ഥാനം നേടി. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മത്സരത്തിൽ തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ ഒന്നാമതെത്തി.

ബാങ്കിംഗ് മേഖലയിൽ നബാർഡ് ഒന്നാം സ്ഥാനം നേടി. ദൃശ്യ കലാരൂപങ്ങളിൽ അഗസ്ത്യ സിദ്ധ മർമ്മ കളരി സംഘത്തിന്റെ കളരി ഒന്നാം സ്ഥാനവും, ശ്രവ്യ കലാരൂപങ്ങളിൽ വിഗ്നേഷ് അവതരിപ്പിച്ച പഞ്ചാരി മേളം ഒന്നാം സ്ഥാനവും നേടി.

✪✪✪

മലയാളിയുടെ സംസ്കാരം നിലനിർത്തുന്നതിൽ ഓണം വലിയ പങ്ക് വഹിക്കുന്നുണ്ടെന്ന് മന്ത്രി AP അനിൽകുമാർ പറഞ്ഞു. കോഴിക്കോട് ജില്ലാതല ഓണാഘോഷ പരിപാടികളുടെ സമാപന സമ്മേളനം ബീച്ചിലെ ഫ്രീഡം സ്ക്വയറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓണാഘോഷത്തോടനുബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾക്കായി സംഘടിപ്പിച്ച പൂക്കള മത്സരത്തിലെ വിജയികൾക്ക് സമ്മാനദാനവും മന്ത്രി നിർവഹിച്ചു.

✪✪✪

ടൂറിസം വകുപ്പും കാസർകോട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും ജില്ലാ ഭരണകൂടവും കാസർഗോഡ് മുൻസിപ്പാലിറ്റിയും ചേർന്ന് സംഘടിപ്പിച്ച 'പൊന്നോണം 2026' ന്റെ സമാപന സമ്മേളനം മന്ത്രി K.M.ഷാജി ഉദ്ഘാടനം ചെയ്തു. എല്ലാ മനുഷ്യരുടേയും സന്തോഷങ്ങളും സങ്കടങ്ങളും ഏറ്റെടുക്കുകയും എല്ലാവർക്കും തുല്യനീതി നടപ്പാക്കുകയും ചെയ്ത മാവേലിയുടെ ഓർമയുടെ ആഘോഷമാണ് ഓണമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂരിൽ ഓണം വാരാഘോഷ പരിപാടികളുടെ സമാപന സമ്മേളനം K.സുധാകരൻ M.P ഉദ്ഘാടനം ചെയ്തു. പ്രയാസങ്ങളില്ലാതെയാണ് ഇത്തവണ ജനങ്ങൾ ഓണം ആഘോഷിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

പരിശീലനം പൂർത്തിയാക്കിയ പോലീസ് കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് ഇന്ന് കണ്ണൂർ മാങ്ങാട്ട് പറമ്പ് K.A.P നാലാം ബറ്റാലിയൻ മൈതാനിയിൽ നടത്തും. രാവിലെ മന്ത്രി രമേശ് ചെന്നിത്തല പരേഡിൽ അഭിവാദ്യം സ്വീകരിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്)..............

✪✪✪

CPIM നോടൊപ്പം നിന്നവർ എന്തുകൊണ്ടാണ് തിരഞ്ഞെടുപ്പിൽ വഴിമാറാൻ ഇടയായതെന്ന് ഗൗരവമായി പരിശോധിക്കേണ്ടതുണ്ടെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. കണ്ണൂർ മയ്യിലിൽ

**രാഷ്ട്രീയ വിശദീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. LDF വിരുദ്ധ പ്രചാരവേലയിൽ പരാജയപ്പെടേണ്ട മണ്ഡലമല്ല തളിപ്പറമ്പ് എന്നും, ഈ പ്രചാരവേലയിലൂടെ ചിലർ തെറ്റിദ്ധരിക്കപ്പെട്ടെന്നും പിണറായി പറഞ്ഞു.**

✪✪✪

**ഏഷ്യകപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ തായ്‌ലൻഡിനെ 94 റൺസിന് പരാജയപ്പെടുത്തി ഇന്ത്യയ്ക്ക് മികച്ച തുടക്കം. ദുബായിൽ നിശ്ചിത 20 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 159 റൺസ് നേടിയ ഇന്ത്യ, തായ്‌ലൻഡിനെ 15.3 ഓവറിൽ 65 റൺസിന് പുറത്താക്കി.**

**ഇന്ന് ദുബായിൽ ഗ്രൂപ്പ് ബി മത്സരത്തിൽ ബംഗ്ലാദേശ് ഇന്തോനേഷ്യയെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം.**

✪✪✪

**ആവേശം വാനോളം ഉയർന്ന ആറന്മുള ഉത്രട്ടാതി ജലമേളയിൽ A ബാച്ച് ഫൈനലിൽ മേലുകര പള്ളിയോടവും, B ബാച്ച് ഫൈനലിൽ കോറ്റാത്തൂർ കൈതക്കോടി പള്ളിയോടവും ജേതാക്കളായി.**

**A ബാച്ച് ഫൈനൽ മത്സരത്തിൽ കോയിപ്രം, ഇടശ്ശേരിമല കിഴക്ക്, മല്ലപ്പുഴശേരി പള്ളിയോടങ്ങൾ യഥാക്രമം രണ്ട്, മൂന്ന്, നാല് സ്ഥാനങ്ങൾ നേടി.**

✪✪✪

**FIH പുരുഷ ഹോക്കി ലോകകപ്പ് കിരീടം ജർമ്മനിക്ക്. ബെൽജിയം ബെൽ ഫിയസ് ഹോക്കി അരീനയിൽ എതിരില്ലാത്ത ഒരു ഗോളിന് സ്പെയിനിനെയാണ് ജർമനി പരാജയപ്പെടുത്തിയത്. ജർമ്മനിയുടെ നാലാമത്തെ ഹോക്കി ലോകകപ്പ് കിരീടമാണിത്.**

✪✪✪

---


*News Editor : പി ചന്ദ്രബാബു*
*News Reader: ശരണ്യ രാജൻ*
*News Team: ഫസ്ന ഫാത്തിമ*
*DEO: ഷീബ*